**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2892** **25-06-2024 - ൽ മറുപടിയ്ക്ക്**

**വംശനാശ ഭീഷണി നേരിടുന്ന കണ്ടൽകാട്ടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | വംശനാശ ഭീഷണി നേരിടുന്ന കണ്ടൽ കാട്ടുകൾ സംരക്ഷിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | വംശനാശ ഭീഷണി നേരിടുന്ന കണ്ടൽക്കാട്ടുകൾ സംരക്ഷിക്കുന്നതിന് വനംവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കണ്ടൽക്കാട്ടുകളുടെ സംരക്ഷണത്തിനായുള്ള Conservation and management of Mangroves (60 % CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2006-07 വർഷം മുതൽ വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ടി പദ്ധതിയിലൂടെ കണ്ടൽത്തൈകളും, തീരപ്രദേശങ്ങ ളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധതൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവയും ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കണ്ടൽച്ചെടി നട്ടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം, മീൻ കുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തി വരുന്നു. കൂടാതെ കണ്ടൽക്കാട്ടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും, കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്.<br><br>സ്വകാര്യ വ്യക്തികൾക്ക് തങ്ങളുടെ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/- രൂപ നിരക്കിൽ സ.ഉ(സാധാ) നം.485/16/വനം,തീയതി 24/12/2016-നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | സോഷ്യൽ ഫോറസ്ട്രി സെൻട്രൽ റീജിയണിന് കീഴിൽ എറണാകുളം ജില്ലയിൽ പുതുവൈപ്പ് വില്ലേജിൽ 65.83 ഹെക്ടർ കണ്ടൽ പ്രദേശം 09.03.2021 തീയതിയിലെ സ.ഉ(പി)നമ്പർ.5/2021/F&WLD സർക്കാർ ഉത്തരവ് പ്രകാരവും തൃശ്ശൂർ ജില്ലയിൽ വെൺമനാട് വില്ലേജിൽ 94.77 ഹെക്ടർ കണ്ടൽ പ്രദേശം 15.02.2021 തീയതിയിലെ സ.ഉ(പി)നമ്പർ.3/2021/F&WLD സർക്കാർ ഉത്തരവ് പ്രകാരവും ഇ. എഫ്.എൽ നിയമം 2003സെക്ഷൻ (4) പ്രകാരം റിസർവ്വ് വനമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. |
| (ബി) | എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ? | (ബി) | വംശനാശ ഭീഷണി നേരിടുന്ന കണ്ടൽക്കാടുകൾ സംരക്ഷിക്കുന്നതിന് വനംവകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയുടെയും പ്രവർത്തനങ്ങളുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായുള്ള Conservation and management of Mangroves (60 % CSS) എന്ന കേന്ദ്രാവിഷ്കൃത പദ്ധതി 2006-07 വർഷം മുതൽ വനം വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം വേമ്പനാട്, കണ്ണൂർ മേഖലകളിൽ കണ്ടൽ സംരക്ഷണ പ്രവൃത്തികൾ നടത്തി വരുന്നു. ടി പദ്ധതിയിലൂടെ കണ്ടൽതൈകളും, തീരപ്രദേശങ്ങ ളിൽ നട്ടുപിടിപ്പിക്കാവുന്ന അനുബന്ധതൈകളായ കാറ്റാടി, രാമച്ചം, പൂവരശ്ശ് എന്നിവയും ഉത്പാദിപ്പിച്ച് നേരിട്ട് നട്ടുപിടിപ്പിക്കുകയും, കൂടാതെ നട്ടുപിടിപ്പിക്കുന്നതിനായി പൊതുജനങ്ങൾക്ക് വിതരണവും ചെയ്യുന്നു. കണ്ടൽച്ചെടി നടുന്നവർക്കും സംരക്ഷിക്കുന്നവർക്കും പ്രോൽസാഹനമായി പ്രസ്തുത സ്കീമിൽ ഉൾപ്പെടുത്തി കുടിവെള്ള വിതരണം, ഗ്യാസ് കണക്ഷൻ, ബയോഗ്യാസ് പ്ലാൻറ് നിർമ്മാണം, മീൻ കുഞ്ഞുങ്ങളുടെ വിതരണം എന്നീ പ്രവൃത്തികളും നടത്തി വരുന്നു. കൂടാതെ കണ്ടൽക്കാടുകളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം ജനങ്ങളിലും, കുട്ടികളിലും എത്തിക്കുന്നതിലേയ്ക്കായി സെമിനാറുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നുണ്ട്.<br><br>സ്വകാര്യ വ്യക്തികൾക്ക് തങ്ങളുടെ ഭൂമിയിലെ കണ്ടൽ സംരക്ഷിക്കുന്നതിനായി ഏക്കറിന് 4000/- രൂപ നിരക്കിൽ സ.ഉ(സാധാ) നം.485/16/വനം,തീയതി 24/12/2016-നമ്പർ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ധനസഹായം നൽകി വരുന്നു.<br><br>സോഷ്യൽ ഫോറസ്ട്രി സെൻട്രൽ റീജിയണിന് കീഴിൽ എറണാകുളം ജില്ലയിൽ പുതുവൈപ്പ് വില്ലേജിൽ 65.83 |

| | | | |
|---|---|---|---|
| | | | ഹെക്ടർ കണ്ടൽ പ്രദേശം 09.03.2021 തീയതിയിലെ സ.ഉ(പി)നമ്പർ.5/2021/F&WLD സർക്കാർ ഉത്തരവ് പ്രകാരവും തൃശ്ശൂർ ജില്ലയിൽ വെൺമനാട് വില്ലേജിൽ 94.77 ഹെക്ടർ കണ്ടൽ പ്രദേശം 15.02.2021 തീയതിയിലെ സ.ഉ(പി)നമ്പർ.3/2021/F&WLD സർക്കാർ ഉത്തരവ് പ്രകാരവും ഇ. എഫ്.എൽ നിയമം 2003സെക്ഷൻ (4) പ്രകാരം റിസർവ്വ് വനമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ